മാധ്യമം

13 October 2025

# സമുദ്ര കൃഷി ഉൽപാദനം 25 ലക്ഷം ടണ്ണായി വർധിപ്പിക്കാൻ പദ്ധതി

**കൊച്ചി:** രാജ്യത്തെ സമുദ്രകൃഷി (മാരികൾച്ചർ) ഉൽപാദനം നിലവിലെ ഒന്നരലക്ഷം ടണ്ണിൽനിന്ന് 2047ഓടെ 25 ലക്ഷം ടണ്ണായി ഉയർത്താൻ ലക്ഷ്യമിട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). ഇന്ത്യയുടെ അടുത്ത ഏറ്റവും വലിയ മുന്നേറ്റം സമുദ്ര കൃഷിയായിരിക്കുമെന്നും ഈ രംഗത്ത് മികച്ച സാധ്യതയാണ് രാജ്യത്തിനുള്ളതെന്നും മത്സ്യ കർഷക പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യവെ സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു. കൂടുകൃഷി, ഒന്നിലധികം കൃഷിരീതികൾ സംയോജിപ്പിച്ച നൂതന കൃഷിയായ ഇംറ്റ തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഉൽപാദനം വർധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

കാലാവസ്ഥ വ്യതിയാനവും വിഭവശോഷണവും മൂലം മത്സ്യോൽപാദനം കൂട്ടാൻ സമുദ്ര മത്സ്യകൃഷി പോലുള്ള ബദൽ മാർഗങ്ങൾ അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. ഡോ. കെ. മധു, ഡോ. ആർ. വിദ്യ, ഡോ. സനൽ എബനീസർ, ഡോ. സാജു ജോർജ് എന്നിവർ സംസാരിച്ചു.



*സി.എം.എഫ്.ആർ.ഐയിൽ നടന്ന മത്സ്യകർഷക പരിശീലനം ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് ഉദ്ഘാടനം ചെയ്യുന്നു*